M 3744

Reg. No.: ..............................

Name : ..............................

DON BOSCO ARTS AND SCIENCE COLLEGE
LIBRARY
ANGADIKADAVU

**II Semester B.A./B.Sc./B.Com./B.B.A./B.B.A.T.T.M./B.B.M./B.C.A./B.S.W. Degree (CCSS – Reg./Supple./Improv.) Examination, May 2013**
**COMMON COURSE IN MALAYALAM (For B.A./B.Sc.)**
**2 A 08 MAL : ഭാഷയും ആശയവിനിമയവും**
**(2011 & Earlier Admn.)**

Time : 3 Hours Max. Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം (വെയിറ്റേജ് – **1**).

1) a) 'Mystycism – East and West' – ആരുടെ കൃതിയാണ് ?

b) 'തത്ത്വമസി'യുടെ അർത്ഥമെന്ത് ?

c) 'പ്രബോധചന്ദ്രോദയം' നാടകം രചിച്ചതാര് ?

d) 'അസതോ മാ സദ്ഗമയ,
തമസോ മാ ജ്യോതിർഗമയ'
മൃത്യോർ മാ അമൃതം ഗമയ'
– ഏത് ഉപനിഷത്തിലേതാണിത് ?

2) ''പൈസ ഇരുന്തു തുള്ളുവാച്ചാ, വെളിയില് ധർമ്മപ്പെട്ടി ഇരിക്ക്. അതിലെ പോടുങ്കോ''

a) ആരുടെ വാക്കുകൾ ?

b) ആരോട് പറഞ്ഞത് ?

c) ഏത് കൃതിയിൽ ?

d) സന്ദർഭം ഏത് ?

3) a) ഏറ്റവും കൂടുതൽ വെള്ളമുള്ളിടത്ത് കാണുന്ന പക്ഷിയേത് ?

b) വാല്യക്കാർ ജന്മിയെ അഭിസംബോധന ചെയ്യാൻ ഉപയോഗിച്ച പദമേത് ?

c) ഭാവിയിൽ ഏത് പേരിൽ അറിയപ്പെടണമെന്നാണ് പൊക്കുടൻ ആഗ്രഹിച്ചത് ?

d) തൊഴിലാളിയ്ക്കും മുതലാളിയ്ക്കും ഇടയിൽ നിലനിന്ന ഒരു അലിഖിത കരാറിന്റെ പേരെന്ത് ?

P.T.O.

4) a) 'കേള്വ' എന്ന നാടകം രചിച്ചതാര് ?

b) 'ഒത്ത പെണ്ണില്ല' എന്ന പാട്ട് ഉൾപ്പെടുന്ന 'കേരളഭാഷാ ഗാനങ്ങൾ' എഡിറ്റു ചെയ്തതാര് ?

c) 'ശാപം കിട്ടിയോരാ ഞങ്ങളെന്ന് ! ഇവിടെത്തന്നെ ഞങ്ങൾ ചുറ്റിത്തീരും' ! – ആരുടെ വാക്കുകളാണിത് ?

d) കണ്ടൽ വനങ്ങൾ ഏത് സസ്യവിഭാഗത്തിലാണ് ഉൾപ്പെടുന്നത് ?

5) a) 'നമ്മുടെ ഭാഷ' എന്ന കൃതി രചിച്ചതാര് ?

b) 'സംഘംകൃതികൾ' രചിക്കപ്പെട്ടത് ഏത് ഭാഷയിലാണ് ?

c) ഇ. എം. എസ്സ്. എന്നതിന്റെ പൂർണ്ണരൂപമെന്ത് ?

d) 'ബസാർഭാഷ'യെ ദേശീയ ഭാഷയാക്കണമെന്ന ഗാന്ധിജിയുടെ കാഴ്ച പ്പാടനുസരിച്ച് പ്രവർത്തിച്ച പത്രമേത് ? **(4×1=4 Weightage)**

II. **എഴുപത്തിയഞ്ച്** വാക്കിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നിന്റെയും** വെയിറ്റേജ് – **1**.

6) ''കഥ വായിച്ച് വായിച്ച് ദേവയാനി കഥയ്ണ്ടാക്കാനും തൊടങ്ങ്യോ ?'' ആരുടെ വാക്കുകളാണിത് ? ദേവയാനി ഉണ്ടാക്കിയ കഥയെന്ത് ?

7) ''വിജയം മാത്രമല്ല, അതിൽ ഉള്ള കുറ്റബോധവും ആവിഷ്കൃതമാവുന്നു പൂതപ്പാട്ടിൽ'' – വിശദമാക്കുക.

8) മലയാളത്തെ ലോകഭാഷയാക്കുകയെന്ന നിർദ്ദേശത്തിലുള്ള അപാകതയെന്ത് ?

9) മേഘങ്ങൾ എത്രതരം ? ഏതെല്ലാം ?

10) ചക്കിളിയനായ ഒരു സ്വാമി വസൂരിയിൽ നിന്നും രോഗികളെ രക്ഷിച്ചതെങ്ങനെ ? **(4×1=4 Weightage)**

III. **നൂറ്റമ്പതു** വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ചു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **ഓരോന്നിന്റെയും** വെയിറ്റേജ് – **2.**

11) വന്യജീവിനിരീക്ഷണത്തെക്കുറിച്ചുള്ള ജോൺ സി. ജേക്കബ്ബിന്റെ നിർദ്ദേശങ്ങൾ ചുരുക്കിയെഴുതുക.

12) ''അവനെ ഇങ്ങനെ പീഡിപ്പിച്ചാൽ ദൈവകോപം കിട്ടില്ലേ.......... ?'' – ആരാണിങ്ങനെ പറയുന്നത് ? വിവക്ഷിതം വ്യക്തമാക്കുക.

13) മഹാത്മാഗാന്ധി ആവിഷ്ക്കരിച്ച ഭാഷാസാഹിത്യ തത്വം എന്ത് ?

14) 'പുരോഗതിയിലെ കൃതഘ്നതയെക്കുറിച്ച് അതിജീവനങ്ങളിലെല്ലാം ഉള്ള ഒരു വൈരൂപ്യത്തെക്കുറിച്ച് മഹാബലിയുടെ കഥയും പൂതപ്പാട്ടും ഒരേ ഉൾക്കാഴ്ച പങ്കിടുന്നു'' – പരിശോധിക്കുക.

15) 'ഒത്ത പെണ്ണില്ല' എന്ന നാടൻ പാട്ടിലെ ഭാഷാപരമായ പ്രത്യേകതകൾ വിവരിക്കുക.

16) 'അടുക്കള'യിലെ വാസ്വേട്ടൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവം വിശകലനം ചെയ്യുക. **(5×2=10 Weightage)**

IV. **മുന്നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും **മൂന്നു** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നിന്റെയും** വെയിറ്റേജ് – **4.**

17) 'ലോകഭാഷ'യെന്ന സങ്കല്പം അപ്രായോഗികമാണെന്ന് ഇ. എം. എസ്സ് സമർത്ഥിക്കുന്നതെങ്ങനെ ?

18) ആനന്ദത്തിന്റെ മൂർച്ഛകളിൽപ്പോലും പരസ്പരം ഉള്ളുകാണാനാവാതെ സംശയത്തിന്റെ മൂടൽ മഞ്ഞിൽ, അഹന്തയുടെയും അധീശത്വത്തിന്റെയും ചതുരംഗക്കളത്തിലാ യിരുന്നു 'ഭദ്രയും ചന്ദ്രനും' – സമർത്ഥിക്കുക.

19) ''ജീവിതത്തിലേക്കും പ്രകൃതിയിലേക്കും തുറക്കുന്ന വാതായനങ്ങളാണ് പൊക്കുടന്റെ 'നോട്ടുപുസ്തകത്തിലെ കുറിപ്പുകൾ' – നിരൂപിക്കുക.

20) പ്രകൃതിയെ എങ്ങനെ അറിയാം, പ്രകൃതി പഠനം എങ്ങിനെ ഇളംതലമുറയിലേക്ക് പകർന്നു കൊടുക്കാം എന്നതിന്റെ ഒരു മാർഗരേഖയാണ് 'പ്രകൃതി – നിരീക്ഷണവും വ്യാഖ്യാനവും' – ചർച്ചചെയ്യുക. **(3×4=12 Weightage)**

---